(ബി) 906 ആളുകളുടെ പേരിൽ കേസെടുത്തിട്ടുണ്ട്. പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഇടുക്കി ജില്ലയിലെ കഞ്ചാവുകൃഷി തടയുന്നതിനും കണ്ടുപിടിച്ച് നശിപ്പിക്കുന്നതിനുമായി 1985-ൽ സർക്കാർ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാനനുസരിച്ച് ഇടുക്കി ജില്ലാ കലക്ടർ ചെയർമാനായും ഇടുക്കി അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ കൺവീനറായും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി കാലാകാലങ്ങളിൽ കൂടി ഇടുക്കി ജില്ലയിലെ കഞ്ചാവുകൃഷി നശിപ്പിക്കുന്നതിന് ആക്ഷൻ പ്ലാൻ അനുസരിച്ച് സ്വീകരിക്കുന്ന നടപടികളും വിശദമായി പരിശോധിക്കുന്നുമുണ്ട്.

ഹൈസ്കൂളിനു സമീപമുള്ള ചാരായഷാപ്പ് മാറ്റി സ്ഥാപിക്കാൻ നടപടി

285 [312] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ബാലരാമപുരം പഞ്ചായത്തിൽ ബാലരാമപുരം സർക്കാർ ഹൈസ്കൂളിന് 300 വാര മാത്രം അകലെ ഒരു ചാരായഷാപ്പു നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഷാപ്പ് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പ്രസ്തുത ഹൈസ്കൂളിന് 400 മീറ്റർ ദൂരത്തിനുള്ളിൽ മദ്യഷാപ്പുകൾ ഒന്നുംതന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബിവറേജ് കോർപ്പറേഷനിലെ ജീവനക്കാർ

286 [313]. ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജ് കോർപ്പറേഷനിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാർ ഉണ്ട്;

(ബി) പ്രസ്തുത ജീവനക്കാരെ നിയമിച്ചത് ഏത് ഏജൻസി യാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 215 (ഇരുനൂറ്റി പതിനഞ്ച്) ജീവനക്കാർ.

(ബി) കോർപ്പറേഷൻ നേരിട്ട് അപേക്ഷകൾ ക്ഷണിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും, സർക്കാർ സർവ്വീസിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴിയും ആണ് ഈ നിയമനങ്ങൾ നടത്തിയത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly